വിഴിഞ്ഞത്ത് 3 കണ്ടെയ്നർ കപ്പലുകൾ നങ്കൂരമിട്ടു

വിഴിഞ്ഞം : വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്ത് ആദ്യമായി മൂന്ന് ചരക്ക് കപ്പലുകൾ ഒരുമിച്ച് നങ്കൂരമിട്ടു. എം എസ് സി സുജിൻ, എം എസ് സി സോമിൻ, എം എസ് സി ടൈഗർ എഫ് എന്നീ ഇടത്തരം കണ്ടെയ്നർ കപ്പലുകളാണ് ഇന്നലെ ഒരേ സമയം ബെർത്തിൽ അടുപ്പിച്ചത്. ഇതാദ്യമായാണ് മൂന്നു കപ്പലുകൾ ഒരുമിച്ച് ബർത്തിൽ അടുപ്പിക്കുന്നത്. ഇതിനായി 700 മീറ്റർ ദൂരമാണ് ബെർത്തിൽ ആവശ്യമായി വന്നത്. കഴിഞ്ഞ സെപ്റ്റംബറിൽ രണ്ട് കണ്ടെയ്നർ കപ്പലുകൾ ഒരേ സമയം വിഴിഞ്ഞത്ത് അടുപ്പിച്ചിരുന്നു. കഴിഞ്ഞ സെപ്റ്റംബറിൽ

മെഡിറ്ററേനിയൻ ഷിപ്പിംഗ് കമ്പനിയുടെ തവിഷി ബെർത്തിൽ തുടരുന്നതിനിടെ ഐറ എന്ന എം എസ് സി യുടെ കപ്പലാണ് വിഴിഞ്ഞത്ത് അന്ന് നങ്കൂരമിട്ടത്. ലോകത്തിലെ ഏറ്റവും വലിയ ഷിപ്പിംഗ് കമ്പനികളിൽ ഒന്നായ മെഡിറ്ററേനിയൻ ഷിപ്പിംഗ് കമ്പനി വിഴിഞ്ഞത്തേക്ക് അയക്കാൻ കൂടുതൽ കപ്പലുകൾ സജ്ജമാക്കുന്നുവെന്ന റിപ്പോർട്ടുകൾ നേരത്തെ തന്നെ ഉണ്ടായിരുന്നു. കമ്മീഷനിംഗിന് മുമ്പുള്ള ട്രയൽ റണ്ണിൽ തന്നെ വമ്പൻ കുതിപ്പ് നടത്തുകയാണ് വിഴിഞ്ഞം രാജ്യാന്തര തുറമുഖം.

● വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്ത് ആദ്യമായി മൂന്ന് ചരക്ക് കപ്പലുകൾ ഒരേ സമയം നങ്കൂരമിട്ടപ്പോൾ.

പുനലൂർ താലൂക്ക് വികസന സമിതിയുടെ നൂറാമത് യോഗം

പുനലൂർ: പുനലൂർ താലൂക്ക് വികസന സമിതിയുടെ നൂറാമതു യോഗം താലൂക്ക് ഹാളിൽ നടന്നു. ഏരൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജി.അജിത്തിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം പുനലൂർ നഗരസഭാ ചെയർപേഴ്സൺ കെ.പുഷ്പലത ഉദ്ഘാടനം ചെയ്തു.

തുടർന്ന് അന്തരിച്ച മുൻ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിങ്, എം.ഡി.വാസുദേവൻനായർ എന്നിവർക്ക് ആദരാഞ്ജലികൾ അർപ്പിച്ചു. താലൂക്ക് പരിധിയിലെ വിവിധ വിഷയങ്ങൾ യോഗത്തിൽ ചർച്ചാവിഷയമായി. വരൾച്ചയുടെ മുന്നോടിയായി ജലക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണമെന്ന് സമിതി അംഗങ്ങൾ ആവശ്യപ്പെട്ടു.

തെന്മല ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.ശശിധരൻ, ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ആര്യലാൽ, കരവാളൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ആർ.ലതികമ്മ. ആര്യങ്കാവ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സുജ തോമസ്, അഞ്ചൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എ.നൗഷാദ്, അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് ഓമന മുരളി, കൊല്ലം എം.പിയുടെ പ്രതിനിധിയായി നാസർഖാൻ, പുനലൂർ എം.എൽ.എയുടെ പ്രതിനിധിയായി ബി.അജയൻ, തഹസിൽദാർ അജിത് ജോയ് ഭൂരേഖ തഹസിൽദാർ ഷാജി ബേബി രാഷ്ട്രീയകാര്യ സ്ഥിരം സമിതി അംഗങ്ങൾ വിവിധ താലൂക്ക് തല ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു

ഇന്ദ്രജാല സ്മരണപുതുക്കി മാജിക് പ്ലാനറ്റിൽ അവർ ഒത്തുചേർന്നു

തിരുവനന്തപുരം: പറഞ്ഞിട്ടും പറഞ്ഞിട്ടും തീരാത്തത്ര വിസ്മയാനുഭവങ്ങൾ പരസ്പരം പങ്കുവെച്ച് അവർ മാജിക് പ്ലാനറ്റിൽ ഇന്നലെ ഒത്തുകൂടി. ഒരുമിച്ച് പ്രവർത്തിച്ചപ്പോഴുണ്ടായ സന്തോഷങ്ങളും സങ്കടങ്ങളും അത്ഭുതങ്ങളും അപൂർവനിമിഷങ്ങളും പങ്കുവച്ചപ്പോൾ പലരുടെയും കണ്ണുകൾ നിറഞ്ഞിരുന്നു. ഗോപിനാഥ് മുതുകാടിന്റെ മാജിക് ഷോ ട്രൂപ്പിൽ പ്രവർത്തിച്ചവരുടെ ഒത്തുചേരലിലെ അനുഭവങ്ങളാണിവ. 36 വർഷം ട്രൂപ്പിൽ സജീവ അംഗമായിരുന്ന തോമസ് പാലച്ചുവട്ടിലുൾപ്പടെ വിവിധ വർഷങ്ങളായി പ്രവർത്തിച്ച നിരവധി പേരാണ് ഇന്നലെ നടന്ന കൂട്ടായ്മയ്ക്കെത്തിയത്.

മുതുകാടിനോടൊപ്പം 27 രാജ്യങ്ങൾ സന്ദർശിക്കുവാനും 5 ഭാരതയാത്രകൾക്ക് ഒപ്പം ചേരാനും കഴിഞ്ഞ സന്തോഷത്തിലാണ് മാജിക് ഷോകളുടെ ക്രിയേറ്റീവ് ഹെഡ് കൂടിയായ ഭരതരാജൻ. ജീവിതത്തെ മുന്നോട്ടു നയിക്കാനുതകുന്ന കൃത്യനിഷ്ഠ, അച്ചടക്കം, പരസ്പര ബഹുമാനം തുടങ്ങിയ പലപാഠങ്ങളും പഠിച്ചത് മുതുകാടെന്ന ഗുരുവിൽ നിന്നാണ്.

വിവിധരാജ്യങ്ങളിലടക്കം സഞ്ചരിക്കുവാൻ സാധിച്ചതും ട്രൂപ്പിൽ സഹകരിച്ചതിന്റെ നേട്ടമാണെന്നും പലരും അഭിപ്രായപ്പെട്ടു.ഇതാദ്യമായാണ് മുതുകാടിന്റെ ട്രൂപ്പിൽ പ്രവർത്തിച്ച ആർട്ടിസ്റ്റുകളുടെ സംഗമമൊരുക്കുന്നത്. വർഷങ്ങൾക്കുശേഷം തങ്ങളുടെ സഹപ്രവർത്തകരെ നേരിൽ കണ്ടതിന്റെ ആഹ്ലാദത്തിലും ആവേശത്തിലുമായിരുന്നു മുതുകാടും ആർട്ടിസ്റ്റുകളും. പലരും കുടുംബത്തോടൊപ്പമാണ് കൂട്ടായ്മയിൽ പങ്കെടുക്കാനെത്തിയത്. 1985ലാണ് മുതുകാട് ട്രൂപ്പ് രൂപീകരിച്ച് ഷോ ആരംഭിക്കുന്നത്. 2021 നവംബർ 17നാണ് സജീവമായി മാജിക് രംഗത്തുനിന്നും വിടവാങ്ങുന്നതും.

അധ്യാപക സർവീസ് സംഘടന സമരസമിതി വർക്കല മേഖലാ കൺവെൻഷൻ ഇന്ന്

വർക്കല : പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിച്ച് പഴയ പെൻഷൻ പുനസ്ഥാപിക്കുക, പന്ത്രണ്ടാം ശമ്പള പരിഷ്കരണ നടപടികൾ ആരംഭിക്കുക, ക്ഷാമബത്ത കുടിശ്ശികയും പതിനൊന്നാം ശമ്പള പരിഷ്കരണ കുടിശ്ശികയും അനുവദിക്കുക, ലീവ് സറണ്ടർ മരവിപ്പിച്ച നടപടി പിൻവലിക്കുക, മെഡിസെപ്പ് പദ്ധതി സർക്കാർ ഏറ്റെടുക്കുക, കേന്ദ്രസർക്കാരിന്റെ കേരളത്തോടുള്ള സാമ്പത്തിക വിവേചനം അവസാനിപ്പിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് കൊണ്ട് അധ്യാപക സർവീസ് സംഘടനാ സമരസമിതിയുടെ നേതൃത്വത്തിൽ ജനുവരി 22ന് അധ്യാപകരും ജീവനക്കാരും നടത്തുന്ന സൂചന പണിമുടക്കത്തിന്റെ പ്രചരണാർത്ഥം സംഘടിപ്പിക്കുന്ന വർക്കല മേഖലാതല സമരപ്രഖ്യാപന കൺവെൻഷൻ ഇന്ന് (തിങ്കളാഴ്ച) ഉച്ചയ്ക്ക് 2 മണിക്ക് വർക്കല ടി എ മജീദ് സ്മാരക ഹാളിൽ നടക്കും.

ജോയിന്റ് കൗൺസിൽ സംസ്ഥാന സെക്രട്ടറിയേറ്റ് അംഗം പി.ഹരീന്ദ്രനാഥ് സമര പ്രഖ്യാപന കൺവെൻഷൻ ഉദ്ഘാടനം ചെയ്യും.

ജോയിന്റ് കൗൺസിൽ വർക്കല മേഖലാ പ്രസിഡന്റ് ടിജെ കൃഷ്ണകുമാർ അദ്ധ്യക്ഷത വഹിക്കും.ജോയിന്റ് കൗൺസിൽ സംസ്ഥാന കമ്മിറ്റി അംഗം വി. ബാലകൃഷ്ണൻ മുഖ്യപ്രഭാഷണം നടത്തും.

ജോയിന്റ് കൗൺസിൽ തിരുവനന്തപുരം നോർത്ത് ജില്ലാ സെക്രട്ടറി സതീഷ് കണ്ടല, ജില്ലാ പ്രസിഡന്റ് ആർ.എസ് സജീവ്, വൈസ് പ്രസിഡന്റ് എആർ അരുൺജിത്ത്, ജോയിന്റ് സെക്രട്ടറി വൈ.സുൽഫീക്കർ, മേഖലാ സെക്രട്ടറി ശ്യാംരാജ്,വനിതാ കമ്മിറ്റി സെക്രട്ടറി ഉഷാകുമാരി കെ.വി തുടങ്ങിയവർ പങ്കെടുക്കും.

നേത്ര പരിശോധനാ ക്യാമ്പ്

അഞ്ചൽ: പനച്ചവിള പബ്ലിക് ലൈബ്രറിയുടെയും നെടുമങ്ങാട് അൽ ഹിബ കണ്ണാശുപത്രിയുടെയും സംയുക്താഭിമുഖ്യത്തിൽ സൗജന്യ നേത്രപരിശോധനയും തിമിര രോഗ നിർണയവും പ്രമേഹരോഗികൾക്ക് ഡയബറ്റിക് റെറ്റിനോപ്പതി നിർണയ ക്യാമ്പും പനച്ചവിള പബ്ലിക് ലൈബ്രറിയിൽ നടത്തി. പി.എസ്. സുപാൽ എം.എൽ.എ. ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ലൈബ്രറി പ്രസിഡന്റ് കെ.ബാബു പണിക്കർ അധ്യക്ഷത വഹിച്ചു. ഡോ.സുരേഷ്, ലൈബ്രറി സെക്രട്ടറി വി.സുന്ദരേശൻ, ബി.മുരളി, കെ. സോമരാജൻ, എസ്.രാജേന്ദ്രൻപിള്ള, ഗിരിജാ ശിവദാസൻ എന്നിവർ നേതൃത്വം നൽകി.

ദേശീയ പക്ഷിദിനത്തിൽ പക്ഷിക്കൂടാരം തുറന്ന് ശാന്തിഗിരി ഫെസ്റ്റ്

പോത്തൻകോട്: കാഴ്ചക്കാരിൽ വിസ്മയം ജനിപ്പിച്ച് പക്ഷികളുടെ ലോകത്തേക്ക് ഒരു ഉല്ലാസയാത്രയ്ക്ക് കൂട്ടിക്കൊണ്ടു പോകാൻ അവസരമൊരുക്കി ശാന്തിഗിരി ഫെസ്റ്റ്.

സ്വാഭാവിക ആവാസവ്യവസ്ഥയോട് സാമ്യമുള്ള അന്തരീക്ഷത്തിൽ ചിറക് വിരിച്ച് സ്വതന്ത്രമായി പറക്കുന്ന പക്ഷികളെ ഇവിടെ കാണാൻ സാധിക്കും. ശാന്തിഗിരി ഫെസ്റ്റിലെ പക്ഷിക്കൂടാരത്തിലാണ് ഇങ്ങനെ ഒരു താവളം ഒരുക്കിയിരിക്കുന്നത്. ദേശീയ പക്ഷി ദിനമായ ജനുവരി 5 ന് വെള്ളരിപ്രാവിനെ പറത്തിയാണ് നെടുമങ്ങാട് സബ് ഡിവിഷൻ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് അരുൺ കെ.എസ്. പക്ഷിക്കൂടാരം ഉദ്ഘാടനം ചെയ്തതത്.

പക്ഷികളും പ്രകൃതിയും തമ്മിലുള്ള ബന്ധത്തിന്റെ മഹത്വം ഉയർത്തിക്കാട്ടുന്ന ഉദാഹരണമാണ് ഈ സംരംഭം എന്ന് ഉദ്ഘാടന കർമ്മം നിർവഹിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു. സ്വാമി മനുചിത്ത് ജ്ഞാനതപസ്വി, ജനനി പൂജ ജ്ഞാനതപസ്വിനി, ജനനി കൃപ ജ്ഞാനതപസ്വിനി, ഡി. മനോജ്, കുമാർ ജെ, എസ്.ജി.രാജീവ് എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

ഓപ്പൺ ഏവിയറി ആശയത്തിൽ ഒരുക്കിയിരിക്കുന്ന പക്ഷിക്കൂടാരത്തിൽ യമു, ഖൽഗക്കോഴി, മക്കാവു, ലൗ ബേഡ്സ്, പെസന്റ്, ഫിഞ്ചസ്, പലതരത്തിലുള്ള കാട, സ്മാൾ കൊറീർ, പ്രാവുകളെയും കാണാൻ സാധിക്കും. ജനുവരി 19 വരെ പ്രദർശനം തുടരും. സമയം രാവിലെ 11 മണി രാത്രി 11 വരെ.

അനുശോചിച്ചു

ചവറ: നാടകശാല ഓപ്പൺ ഗ്രന്ഥശാലയുടെ ആഭിമുഖ്യത്തിൽ എം.ടി.വാസുദേവൻനായരുടെ ദേഹവിയോഗത്തിൽ അനുശോചിച്ചു. എം.ടിയുടെ പുസ്തകം ഗ്രന്ഥശാലാ അംഗം ഫാമിസിനു നൽകി ജില്ലാ പഞ്ചായത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ അഡ്വ.സുനിൽ എസ്. കല്ലേലിഭാഗം ഉദ്ഘാടനം നിർവഹിച്ചു. ലൈബ്രേറിയൻ രത്നമ്മ ബ്രാഹ്മ മുഹൂർത്തം അധ്യക്ഷത വഹിച്ചു. ചേർത്തല രാജൻ, പോണാൽ നന്ദകുമാർ, അബ്ദാ മോഹൻ,മെഹർ ഖാൻ ചേന്നല്ലൂർ, എവർ മാക്സ് ബഷീർ, ഷാനവാസ് കമ്പിക്കീഴിൽ, കരുനാഗപ്പള്ളി കൃഷ്ണൻകുട്ടി, സിന്ധു സുരേന്ദ്രൻ, നിമാ പത്മാകരൻ തുടങ്ങിയവർ പ്രസംഗിച്ചു.

പഞ്ചായത്ത് റോഡുകൾ ഗതാഗതയോഗ്യമാക്കണം

കിളിമാനൂർ: കിളിമാനൂർ പഞ്ചായത്ത് ചൂട്ടയിൽ ഭാഗത്തെ റോഡുകൾ അടിയന്തിരമായി അറ്റകുറ്റപ്പണികൾ നടത്തി ഗതാഗത യോഗ്യമാക്കണമെന്ന് സി.പി.ഐ ചൂട്ടയിൽ ബ്രാഞ്ച് സമ്മേളനം ആവശ്യപ്പെട്ടു.

സി.പി.ഐ മണ്ഡലം സെക്രട്ടറി എ.എം.റാഫി സമ്മേളനം ഉദ്ഘാടനം ചെയ്തു. വി. ഗോപകുമാർ അധ്യക്ഷത വഹിച്ചു. സജി കിളിമാനൂർ, സജി ആർ. ആർ.വി, എസ്.ധനപാലൻ നായർ , വി. സോമരാജക്കുറുപ്പ്, എൽ.ബിന്ദു, ജി.ചന്ദ്രബാബു, ജി.ബാലൻ എന്നിവർ സംസാരിച്ചു. കെ. ദേവദാസൻ രക്തസാക്ഷി പ്രമേയവും ബി.അനീസ് അനുശോചന പ്രമേയവും തുളസീധരൻ നായർ റിപ്പോർട്ടും അവതരിപ്പിച്ചു. എസ്. വിധു സ്വാഗതം പറഞ്ഞു. സെക്രട്ടറിയായി തുളസീധരൻ നായരെയും അസിസ്റ്റന്റ് സെക്രട്ടറിയായി കെ.ദേവദാസനെയും കമ്മിറ്റി അംഗങ്ങളായി വിധു . എസ്, ഗോപകുമാർ വി , മണിക്കുട്ടൻ കെ , ബൈജു.എസ്, കുഞ്ഞൻ.എസ് എന്നിവരെയും തിരഞ്ഞെടുത്തു.

നാടകോത്സവത്തിന് ഇന്ന് തിരശീല ഉയരും

പന്മന: പൊന്മന പ്രോഗ്രസീവ് ഗ്രന്ഥശാല നാടകോത്സവത്തിനു ഇന്ന് തിരശീല ഉയരുമെന്ന് പ്രസിഡന്റ് പൊന്മന നിശാന്ത്, സെക്രട്ടറി കെ.ഹൃദയകുമാർ, കൺവീനർ ആർ.സുഭാഷ് ചന്ദ്രൻ, എക്സിക്യൂട്ടിവ് അംഗം ടി.ബിജു എന്നിവർ പറഞ്ഞു. പൊന്മന കന്നിട്ടക്കടവ് വിദ്വാൻ എൻ.മാധവൻ നഗറാണ് വേദി.

ഇന്ന് വൈകിട്ട് അഞ്ചിന് ഇടപ്പള്ളിക്കോട്ടയിൽ നിന്നും വിളംബര ഘോഷയാത്ര താലൂക്ക് ലൈബ്രറി കൗൺസിൽ സെക്രട്ടറി വി.വിജയകുമാർ ഉദ്ഘാടനം ചെയ്യും. ആറിന് മുൻ നിയമസഭ സ്പീക്കർ വി.എം.സുധീരൻ നാടകോത്സവം ഉദ്ഘാടനം ചെയ്യും. സുജിത്ത് വിജയൻ പിള്ള പ്രഭാഷണം നടത്തും. ഷിബു ബേബിജോൺ മുഖ്യാതിഥിയാകും. കാരുണ്യ ദീപം ചികിത്സാ സഹായ പദ്ധതി ലിവിഡസ് ഉടമ ഫിറോസ് നല്ലാന്തറ ഉദ്ഘാടനം ചെയ്യും. രാത്രി 7.45ന് നാടകം അമ്പലപ്പുഴ അക്ഷര ജാലയുടെ അനന്തരം, ഏഴിന് വൈകിട്ട് ആറിന് സാംസ്കാരിക സദസ് സി.ആർ.മഹേഷ് എം. എൽ.എ ഉദ്ഘാടനം ചെയ്യും. 7.45ന് നാടകം കടയ്ക്കാവൂർ എസ്.എസ്. നടന സഭയുടെ റിപ്പോർട്ട് നമ്പർ–79. എട്ടിന് വൈകിട്ട് ആറിന് സാംസ്കാരിക സദസ് മത്സ്യഫെഡ് ചെയർമാൻ ടി.മനോഹരൻ ഉദ്ഘാടനം ചെയ്യും. 7.45ന് നാടകം ചിറയിൻകീഴ് അനുഗ്രഹയുടെ ചിത്തിര. ഒൻപതിന് വൈകിട്ട് ആറിന് സാംസ്കാരിക സദസ് മുൻ എം.എൽ.എ ഇ.എസ്.ബിജിമോൾ ഉദ്ഘാടനം ചെയ്യും.

7.45ന് നാടകം കൊല്ലം ആവിഷ്കാരയുടെ സൈക്കിൾ. 10ന് വൈകിട്ട് 5.30ന് സാംസ്കാരിക സദസ് ലൈബ്രറി കൗൺസിൽ ജില്ലാ പ്രസിഡന്റ് മുരളീകൃഷ്ണൻ ഉദ്ഘാടനം ചെയ്യും. 7.45ന് നാടകം തിരുവനന്തപുരം സാഹിതിയുടെ മുച്ചീട്ടു കളിക്കാരന്റെ മകൾ. 11ന് വൈകിട്ട് ആറിന് സമാപന സമ്മേളനം എൻ.കെ. പ്രേമചന്ദ്രൻ എം.പി ഉദ്ഘാടനം ചെയ്യും. മേയർ പ്രസന്ന ഏണസ്റ്റ് മുഖ്യാതിഥിയാകും. അൽമുഖ്താദിർ ഗ്രൂപ്പ് ഗ്ലോബൽ മാനേജർ അബ്ദുൽ നാസർ ഹാദി ചാരിറ്റി പദ്ധതി ഉദ്ഘാടനം ചെയ്യും. 7.45 ന് നാടകം കൊല്ലം അനശ്വരയുടെ അന്നാ ഗാരേജ്.

സിപിഐ ബ്രാഞ്ച് സമ്മേളനങ്ങൾ

കോവളം :സിപിഐ 25–ാം പാർട്ടി കോൺഗ്രസിനോട് അനുബന്ധിച്ച് കോവളം മണ്ഡലത്തിലെ ബ്രാഞ്ച് സമ്മേളനങ്ങൾക്ക് തുടക്കമായി.വെങ്ങാനൂർ ചാവടി നടബ്രാഞ്ച് സമ്മേളനം മണ്ഡലം സെക്രട്ടറി കാഞ്ഞിരംകുളം ഗോപാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു.പങ്കജാക്ഷൻ അധ്യക്ഷത വഹിച്ചു. കെ .എസ് യശോദരൻ മണ്ഡലം അസിസ്റ്റൻറ് സെക്രട്ടറി സി. കെ സിന്ധു രാജൻ,എൽസി സെക്രട്ടറി നെല്ലിവിള വിജയൻ,കെ.കെ. ഗോപകുമാർ ,സന്തോഷ്,രവീന്ദ്രൻ,രാജൻ, മണികണ്ഠൻ എന്നിവർ പങ്കെടുത്തു.. സെക്രട്ടറിയായി കെ .എസ് . യശോധരനെയും അസിസ്റ്റൻറ് സെക്രട്ടറിയായി രാമ മൂർത്തിയെയും തെരഞ്ഞെടുത്തു.

കോവളം വെള്ളാർ ബ്രാഞ്ച് സമ്മേളനം കോവളം എൽസി സെക്രട്ടറി മുട്ടയ്ക്കാട് വേണുഗോപാൽ ഉദ്ഘാടനം ചെയ്തു.ആർ അനിത അധ്യക്ഷത വഹിച്ചു. ജെ.റോയ് എൽ .സി അസിസ്റ്റൻറ് സെക്രട്ടറി ഷീല അജിത് ,വിക്രമൻ ശിശുപാലൻ എന്നിവർ പങ്കെടുത്തു. സെക്രട്ടറിയായി ജെറോയിയെയും അസിസ്റ്റൻറ് സെക്രട്ടറിയായി സജിതയെയും തെരഞ്ഞെടുത്തു. കാഞ്ഞിരംകുളം നെടിയകാല ബ്രാഞ്ച് സമ്മേളനം എ ഐ വൈ എഫ് ജില്ലാ സെക്രട്ടറി ജി. എൻ .ആദർശ് കൃഷ്ണ ഉദ്ഘാടനം ചെയ്തു. ജയരാജ് അധ്യക്ഷത വഹിച്ചു. ഷീബ, എൽ സി സെക്രട്ടറി എൻ. എൻ. ബൈജു എന്നിവർ പങ്കെടുത്തു. സെക്രട്ടറിയായി ജയരാജനെയും ജോയിന്റ് സെക്രട്ടറിയായി റാണിയെയും തെരഞ്ഞെടുത്തു.

ബാലരാമപുരം സൗത്ത് നെല്ലിവിള ബ്രാഞ്ച് സമ്മേളനം എ ഐ വൈ എഫ് സംസ്ഥാന കൗൺസിൽ അംഗം അൽ ജിഹാൻ ഉദ്ഘാടനം ചെയ്തു.ശശിധർ അധ്യക്ഷത വഹിച്ചു. ശ്രീകുമാർ ,എൽ സി സെക്രട്ടറി മോഹനൻ നായർ മണ്ഡലം കമ്മിറ്റി അംഗം എ. ഷാഹുൽ ഹമീദ്, സെയ്ദാലി, നെല്ലിവിള ബിനു എന്നിവർ പങ്കെടുത്തു. സെക്രട്ടറിയായി വി. മണിയനെയും അസിസ്റ്റൻറ് സെക്രട്ടറിയായി ജസ്റ്റസിനെയും തെരഞ്ഞെടുത്തു.

കലിയൂർ ഈസ്റ്റ് മഹാത്മ ബ്രാഞ്ച് സമ്മേളനം ജില്ലാ കൗൺസിൽ അംഗം സി. എസ്. രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു.കെ.എൻ. വിജയകുമാർ അധ്യക്ഷത വഹിച്ചു. ശരത് കല്ലിയൂർ ഖമണ്ഡലം സെക്രട്ടറിയേറ്റ് അംഗം ഊക്കോട് കൃഷ്ണൻകുട്ടി എൽ. സി സെക്രട്ടറി കല്ലിയൂർ രാജു, ഗിരിജ എന്നിവർ സംസാരിച്ചു. സെക്രട്ടറിയായി മിഥുൻ കൃഷ്ണയെയും അസിസ്റ്റൻറ് സെക്രട്ടറിയായി സെൽവരാജിനെയും തെരഞ്ഞെടുത്തു.കോട്ടുകാൽ അമ്പലത്തിൻമൂല ബ്രാഞ്ച് സമ്മേളനം മണ്ഡലം കമ്മിറ്റി അംഗം മുക്കോല ബാബു ഉദ്ഘാടനം ചെയ്തു.അഗസ്റ്റിൻ അധ്യക്ഷത വഹിച്ചു. പോൾ പീറ്റർ, എൽസി സെക്രട്ടറി കോട്ടുകാൽ അജിത് മണ്ഡലം കമ്മിറ്റി അംഗം അടിമലത്തുറ ജോയ്,വിനയകുമാർ എന്നിവർ പങ്കെടുത്തു. സെക്രട്ടറിയായി സെൽവറ്റിനെയും അസി. സെക്രട്ടറിയായി അഗസ്റ്റിനേയും തിരഞ്ഞെടുത്തു. ബാലരാമപുരം നോർത്ത് എം. സി. നഗർ ബ്രാഞ്ച് സമ്മേളനം മണ്ഡലം സെക്രട്ടറിയേറ്റ് അംഗം എം .എസ് . വിലാസൻ ഉദ്ഘാടനം ചെയ്തു. രതീഷിന്റെ അധ്യക്ഷത വഹിച്ചു. സെക്രട്ടറിയായി സുരജിനെയും അസി.സെക്രട്ടറിയായി അഖിലിനെയും തിരഞ്ഞെടുത്തു.

'ക്ഷേത്ര കാര്യങ്ങൾ തീരുമാനിക്കേണ്ടത് സമുദായ സംഘടനകളും രാഷ്ട്രീയ പാർട്ടികളുമല്ല'

കൊല്ലം: ക്ഷേത്ര കാര്യങ്ങൾ തീരുമാനിക്കേണ്ടതു സമുദായ സംഘടനകളും രാഷ്ട്രീയ പാർട്ടികളുമല്ലെന്ന് ശബരിമല ശ്രീഅയ്യപ്പ ധർമ പരിഷത്ത് ദേശീയ നിർവാഹക സമിതി യോഗം.

തന്ത്രിമാരും ദൈവജ്ഞന്മാരും ചേർന്നു തീരുമാനിക്കേണ്ട കാര്യങ്ങളാണിത്. ആത്മീയതയെ ചൂഷണം ചെയ്തു പണ സമ്പാദനവും രാഷ്ട്രീയാധികാരവും സ്ഥാപിക്കാൻ ശ്രമിക്കുന്നതാണ് ഇന്നത്തെ ദുരവസ്ഥയ്ക്ക് കാരണം. ക്ഷേത്ര ഭരണ കാര്യങ്ങളിൽ നിന്നു രാഷ്ട്രീയക്കാരെ പൂർണമായും ഒഴിവാക്കണം. അതിന് ആവശ്യമെങ്കിൽ കേന്ദ്ര സർക്കാർ നിയമ നിർമാണം നടത്തണം. നൂറ്റാണ്ടുകളുടെ പാരമ്പര്യവും സംസ്ക്കാരവുമുള്ള ക്ഷേത്രാചാരങ്ങളെ തകിടം മറിക്കാൻ ശ്രമിക്കുന്ന നടപടികളെ അംഗീകരിക്കാനാകില്ലെന്നും പരിഷത്ത് അഭിപ്രായപ്പെട്ടു. അഡ്വ. കെ.രാധാകൃഷ്ണൻ അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി അയർക്കുന്നം രാമൻ നായർ, കോർഡിനേറ്റർ ചവറ സുരേന്ദ്രൻപിള്ള, പി.കെ. ആനന്ദക്കുട്ടൻ, പരവൂർ വി.ജെ.ഉണ്ണികൃഷ്ണൻ, പ്രഫ.എൻ. രാജശേഖരൻനായർ, ഡോ.ശ്രീധരൻ നമ്പൂതിരി, എസ്.ജി.ശിവകുമാർ പത്തനാപുരം, പി.കൃഷ്ണമൂർത്തി, തിരുപ്പൂർ മുരളി എന്നിവർ പ്രസംഗിച്ചു.

● കല്ലിയൂർ ഈസ്റ്റ് മഹാത്മാ നഗർ ബ്രാഞ്ച് സമ്മേളനം ജില്ലാ കൗൺസിൽ അംഗം സി എസ് രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു.

സംസ്ഥാന കൺവൻഷൻ ഇന്ന്

കൊല്ലം: ഓൾ കേരള গവ. കോൺട്രാക്ടേഴ്സ് അസോസിയേഷൻ സംസ്ഥാന കൺവൻഷൻ ഇന്ന് രാവിലെ 10ന് കൊല്ലം ജില്ലാ പഞ്ചായത്ത് ജയൻ മെമ്മോറിയൽ ഹാളിൽ നടക്കും. മന്ത്രി ജെ. ചിഞ്ചുറാണി ഉദ്ഘാടനം നിർവഹിക്കും. അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് അഡ്വ. മോൻസ് ജോസഫ് എം.എൽ.എ. അധ്യക്ഷത വഹിക്കും. എം.എൽ.എ മാരായ എം. നൗഷാദ്, സി. ആർ.മഹേഷ് എന്നിവർ പ്രസംഗിക്കും.

സന്ധി
മാറ്റിവയ്ക്കൽ
നിങ്ങളെ ജീവിതത്തിലേക്ക്
തിരികെ കൊണ്ടുവരുന്നു
SUT PATTOM Super Specialty Hospital
BR LIFE
ഞങ്ങളുടെ മികവുറ്റ വിദഗ്ദ്ധർ
നിങ്ങൾക്ക് കാര്യങ്ങൾ എളുപ്പമാക്കുന്നു
ഡിപ്പാർട്മെന്റ് ഓഫ് ഓർത്തോപീഡിക്സ്
വിളിയ്ക്കൂ 0471 4077 777

Your health emergency call will be met with SPEEDY HELP from a doctor at your doorstep.
SK HOSPITAL Teaching Human Lives
9645611118
HEAL ON WHEEL
Edappazhanji, Thiruvananthapuram
Ph: 0471- 2944444, 3022222
E: skhospitals@gmail.com
www.skhospitals.com

TATA

ടാറ്റ ക്യാപിറ്റൽ ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ്

രജി.ഓഫീസ്: 11ാം നില, ടവർ എ, പെനിൻസുല ബിസിനസ് പാർക്ക്, ഗണപതിറാവു കദം മാർഗ്, ലോവർ പരേൽ, മുംബൈ - 400013. ബ്രാഞ്ച് വിലാസം: ടാറ്റാ ക്യാപിറ്റൽ ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ്, ഗ്രൗണ്ട് ഫ്ലോർ, ജെയിൻ ടവർ 2, എൻഎച്ച് 17, ലുലു മാളിനു സമീപം, കൊച്ചി 682024, കേരളം.

സ്ഥാവര വസ്തുക്കൾ വിൽക്കുന്നതിനുള്ള അറിയിപ്പ്

2002ലെ സെക്യൂരിറ്റി ഇൻറെറസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് - റൂൾ 9(1) നൊപ്പം റൂൾ 8(6) പ്രകാരം

സെക്യൂരൈറ്റേഷൻ ആൻഡ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് സെക്യൂരിറ്റി ഇൻറെറസ്റ്റ് ആക്ട് 2002, സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് റൂൾ 9 (1) നൊപ്പം റൂൾ 8(6) വ്യവസ്ഥയനുസരിച്ചു സ്ഥാവര ആസ്തികൾ വിൽക്കു ന്നതിനു ള്ള ഇ-ലേല വിൽപ്പന അറിയിപ്പ്.

ഈ നോട്ടീസ് പ്രകാരം പൊതുവെ പൊതുജനങ്ങൾക്കും, പ്രത്യേകിച്ച് താഴെപ്പറയുന്ന വായ്പക്കാർക്കും/സഹവായ്പക്കാരനും അല്ലെങ്കിൽ അവരുടെ നിയമപ